ശുചിത്വമിഷൻ
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

06.04.2025

# പത്രക്കുറിപ്പ്

## വൃത്തി കോൺക്ലേവിന് ആവേശമാകാൻ  മികവുറ്റ കലാപരിപാടികളും

മാലിന്യ മക്ത നവകേരളം പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവിന് ആവേശം പകരാൻ എല്ലാ ദിവസവും നിശാഗന്ധിയിൽ കലാപരിപാടികളുണ്ടാകും. ഏപ്രിൽ 10, 11 തിയതികളിൽ വൈകിട്ട് അഞ്ചു മണി മുതൽ രാത്രി പത്തുമണി വരെ തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും കലാപരിപാടികൾക്ക് മാനവീയം വീഥിയും  വേദിയാകും.

ഉദ്ഘാടന ദിവസമായ ഏപ്രിൽ ഒൻപതിന് രാത്രി ഏഴുമുതൽ ചലച്ചിത്ര പിന്നണി ഗായകൻ കെ.എസ്. ഹരിശങ്കർ നയിക്കുന്ന മ്യൂസിക് ബാൻഡോടെയാണ് കലാപരിപാടികൾക്ക് തുടക്കമാകുക. ഏപ്രിൽ പത്തിന് വൈകിട്ട് 6.15ന് കുളത്തൂപ്പുഴ ഹരിതകർമസേന അവതരിപ്പിക്കുന്ന ട്രൈബൽ ഡാൻസ്, 6.30ന് മഹാലക്ഷ്മിയും സംഘവും അവതരിപ്പിക്കുന്ന നൃത്തം, എട്ടു മണിക്ക് ഡബ്ബ ബാൻഡിന്റെ സംഗീത പരിപാടി. ഏപ്രിൽ 11 ന് 6.15ന് ജില്ലാ ശുചിത്വ മിഷനിലെ സുജ പി.എസ്. അവതരിപ്പിക്കുന്ന നൃത്തം, 6.30ന് ചാലക്കുടി വയലിയുടെ ബാംബൂ മ്യൂസിക്, എട്ടു മണിക്ക് കരിന്തലക്കൂട്ടത്തിന്റെ നാടൻപാട്ട് കലാകേളി.

ഏപ്രിൽ 12 ന് രാത്രി ഏഴിന് ചലച്ചിത്രതാരം റീമ കല്ലിങ്കൽ നയിക്കുന്ന പുതിയ നൃത്തപരിപാടിയായ 'നായിക'യുടെ ആദ്യ അവതരണം. ഏപ്രിൽ 13ന് വൈകിട്ട് 6.30ന് ചലച്ചിത്ര താരം ആശ ശരത് അവതരിപ്പിക്കുന്ന നൃത്ത പരിപാടി. അന്തരിച്ച ഭാവഗായകൻ പി. ജയചന്ദ്രന്റെ ഗാനങ്ങൾ കോർത്തിണക്കി പിന്നണി ഗായകരായ രാജലക്ഷ്മി, കല്ലറ ഗോപൻ, ജി. ശ്രീറാം എന്നിവരുടെ നേതൃത്വത്തിൽ അവതരിപ്പിക്കുന്ന സംഗീത പരിപാടിയും നടക്കും.

കനകകുന്നിൽ വളപ്പിൽ 10, 11, 12 13,തിയതികളിൽ  വിനു പട്ടിമറ്റത്തിൻ്റെ നേതൃത്യത്തിൽ  പാവകളിയും പാവനാടകവും മഹേന്ദ്രൻ കലാമണ്ഡലത്തിൻ്റെ നേതൃത്വത്തിൽ ഓട്ടൻതുള്ളൽ കണ്ണൂർ ലക്ഷ്മണൻ മാഷിൻ്റെ ഏകാങ്കനാടകവും അവതരിപ്പിക്കും.

10 ന് വൈകുന്നേരം 6.30ന് മഹാലക്ഷമിയും സംഘവും ശാസ്ത്രത്തെ ആസ്പദമാക്കിയുള്ള റിഫ്ളക്ഷൻസ് എന്ന നൃത്തവും അവതരിപ്പിക്കും

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ : 0471- 2312730, 2319831, ഇ–മെയിൽ : sanitationkerala@gmail.com